നം.വൈ(1)/15006/16/ഡി.പി.ഐ

പൊതുവ... ഡയറക്ടറുടെ കാര്യാലയം,
തിരുവന... തീയതി 05.09.2016

# സർക്കുലർ

സർ,

വിഷയം :- പൊ.വി. - സംസ്ഥാന ആർക്കൈവ്സ് വകുപ്പ് ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന ചരിത്ര ക്വിസ് 2016 മത്സരത്തെ - സംബന്ധിച്ച്.

സൂചന :- ആർക്കൈവ്സ് ഡയറക്ടറുടെ 17/7/2016 ലെ പി & ആർ/3394/16/ എസ്.എ നമ്പരായ കത്ത്.

പൊതുസമൂഹത്തിൽ, വിശിഷ്യാ വിദ്യാർത്ഥികളിൽ ചരിത്രാവബോധം വളർത്തുന്നതിനും ചരിത്രരചനയിൽ ആർക്കൈവൽ രേഖകൾ വഹിക്കുന്ന പങ്കിനെ കുറിച്ച് ബോധവാൻമാരാക്കുന്നതിനും അവ നമ്മുടെ സാംസ്ക്കാരിക പൈതൃകത്തിന്റെ ഭാഗമാണെന്ന ധാരണ സൃഷ്ടിക്കുന്നതിനുമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാന ആർക്കൈവ്സ് വകുപ്പ് ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ചരിത്ര ക്വിസ് 2016 മത്സരം സംഘടിപ്പിക്കുന്നു. സ്കൂൾ, വിദ്യാഭ്യാസ ജില്ല, മേഖല, സംസ്ഥാനം എന്നീ 4 തലങ്ങളായാണ് മത്സരം പൂർത്തിയാക്കുന്നത്.

ചരിത്ര ക്വിസ് 2016-ന്റെ പ്രോഗ്രാം ഷെഡ്യൂളും, വിശദവിവരങ്ങളും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ജില്ലാ സംസ്ഥാനതല കലോത്സവങ്ങൾക്കും ശാസ്ത്ര മേളയ്ക്കും തടസ്സം വരാത്ത രീതിയിൽ സെപ്റ്റംബർ 20 നും ഒക്ടോബർ 10 നും ഇടയ്ക്ക് സ്കൂൾ തലം, വിദ്യാഭ്യാസ ജില്ലാതലം, മേഖലാതല മത്സരം വരെ പൂർത്തിയാകുന്ന തരത്തിൽ തീയതിയും സമയവും ക്രമീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. പരമാവധി ഹൈസ്കൂൾ വിദ്യാർത്ഥികളെ പ്രസ്തുത മത്സരത്തിൽ പങ്കെടുപ്പിച്ച് നമ്മുടെ സാംസ്കാരിക പൈതൃകം ഊട്ടി ഉറപ്പിക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്.

ജിമ്മി കെ. ജോസ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(അക്കാഡമിക്)

പകർപ്പ്:-

1. ഡയറക്ടർ, ആർക്കൈവ്സ് ഡയറക്ടറേറ്റ്, നളന്ദ, തിരുവനന്തപുരം. (സർക്കുലറിന്റെ ആവശ്യമായ പകർപ്പും, ഗൈഡ്ലൈനും, പ്രോഗ്രാം ഷെഡ്യൂളും എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും ആർ.ഡി.എസ്.എസ്.സി.എ സെക്രട്ടറിമാർക്കും നൽകു വാൻ താൽപര്യപ്പെടുന്നു.
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും (അവരവരുടെ അധികാര പരിധിയിൽ വരുന്ന എല്ലാ ഹൈസ്കൂൾ പ്രഥമ അധ്യാപകർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.
4. സംസ്ഥാന സെക്രട്ടറി, സാമൂഹ്യശാസ്ത്ര ക്ലബ്ബ് അസോസിയേഷൻ.
5. എല്ലാ റവന്യൂ ജില്ലാ സാമൂഹ്യശാസ്ത്ര ക്ലബ്ബ് അസോസിയേഷൻ സെക്രട്ടറിമാർക്കും
6. ആഫീസ് കോപ്പി & കരുതൽ ഫയൽ.

17980

forwarded to all AEOs/DSet/HM
15/5/16

## ആർക്കൈവ്സ് വകുപ്പ് നടത്താനുദ്ദേശിക്കുന്ന ചരിത്രക്വിസ് 2016 ന്റെ വിശദാംശങ്ങൾ

1) സർക്കാർ -എയ്ഡഡ് -അംഗീകൃത സ്കൂളുകളിലെ ഹൈസ്കൂൾ കുട്ടികളെയാണ് മത്സരത്തിൽ പങ്കെടുപ്പിക്കേണ്ടത്.
2) ടീം അടിസ്ഥാനത്തിലാണ് മത്സരം. ഒരു ടീമിൽ രണ്ടു കുട്ടികൾ വേണം.
3) മത്സരം മലയാളഭാഷയിലാണ് നടത്തേണ്ടത്.
4) ഹൈസ്ക്കൂൾ തല മത്സരം അതത് സ്കൂൾ അധികൃതർ നടത്തണം. ഒന്നാമതെത്തുന്ന ഒരു ടീമിനെ DEO തല മത്സരത്തിൽ പങ്കെടുപ്പിക്കണം
5) DEO തല മത്സരം DEO മാർ നടത്തണം. ക്വിസ് മാസ്റ്ററെ അതത് DEO മാർ കണ്ടെത്തണം. മത്സരം നടത്തുന്നത് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലാവണം. മത്സരത്തിന്റെ ചെലവിലേയ്ക്കായി ആർക്കൈവ്സ് വകുപ്പിൽ നിന്ന് 4000/- രൂപ നല്കുന്നതാണ് ഇതു പൂർണ്ണമായും മത്സരം നടത്തിപ്പിനായി വിനിയോഗിക്കേണ്ടതാണ്. ഈ തുക താഴെപ്പറയുന്ന ഇനങ്ങളിൽ യുക്താനുസരണം വിനിയോഗിക്കാവുന്നതാണ്.

   i) ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്കുള്ള ട്രോഫി/ക്യാഷ് അവാർഡ്
   ii) പങ്കെടുക്കുന്ന കുട്ടികൾക്കുള്ള ചായ, ലഘുഭക്ഷണം
   iii) ക്വിസ് മാസ്റ്റർക്കുള്ള പ്രതിഫലം
   iv) മൈക്ക് സെറ്റിന്റെ ചാർജ്ജ്
   v) ഫോട്ടോ
   vi) സ്റ്റേഷനറി
   vii) ക്വിസ് നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റു ചെലവുകൾ.

വിദ്യാഭ്യാസ ജില്ലാതലത്തിൽ ഒന്നാമതെത്തുന്ന ടീമംഗങ്ങളുടെ പേരും വിലാസവും ഫോൺ നമ്പരും സ്കൂളിന്റെ പേരും DEO, ക്വിസ് മാസ്റ്റർ, ചുമതലയുള്ള പുരാരേഖാ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ സാക്ഷ്യപ്പെടുത്തി ആർക്കൈവ്സ് വകുപ്പിന് നൽകേണ്ടതാണ്.

DEO തലത്തിൽ ഒന്നാമതെത്തുന്ന ടീമുകളെ സംഘടിപ്പിച്ചുകൊണ്ട് മേഖലാതല മത്സരം നടത്തുന്നതാണ്. തിരുവിതാംകൂർ, കൊച്ചി,മലബാർ എന്നിങ്ങനെ മൂന്ന് മേഖലകളിലായാണ് മത്സരം നടത്തുന്നത്.

ഓരോ മേഖലയിലും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന ടീമുകളെ പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാനതല മത്സരം നടത്തുന്നതാണ്

മേഖലാ-സംസ്ഥാനതലമത്സരങ്ങൾ ആർക്കൈവ്സ് വകുപ്പ് നേരിട്ട് നടത്തുന്നതാണ്.

സംസ്ഥാനതല മത്സരത്തിൽ വിജയികളാകുന്ന ടീമുകൾക്ക് 25,000/- രൂപ, 15,000/- രൂപ, 10,000/- രൂപ എന്നീ ക്രമത്തിൽ സമ്മാനങ്ങളും ട്രോഫികളും നൽകുന്നതാണ്.

ഈ വർഷത്തെ ക്വിസ് മത്സരം 'കേരളം നൂറ്റാണ്ടുകളിലൂടെ' എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ളതായിരിക്കും.

1560
Email pted on 16/5/16
CA

ഡയറക്ടർ

OIC

# ചരിത്രക്വിസ് 2016

## പ്രോഗ്രാം ഷെഡ്യൂൾ

| ക്രമ നം. | മത്സര തലം | പൂർത്തിയാക്കേണ്ട തീയതി | സംഘാടന ചുമതല | റിമാർക്സ് |
|---|---|---|---|---|
| 1 | സ്കൂൾ തലം | ആഗസ്റ്റ് 6 | പ്രധാന അധ്യാപകൻ | |
| 2 | DEO തലം | ആഗസ്റ്റ് 20 | DEO | ചെലവിലേയ്ക്കായി 4000/- രൂപ ആർക്കൈവ്സ് വകുപ്പ് നൽകുന്നതാണ്. |
| 3 | മേഖലാതലം (മലബാർ, കൊച്ചി,തിരുവിതാംകൂർ) | സെപ്റ്റംബർ 30 | ആർക്കൈവ്സ് വകുപ്പ് | |
| 4 | സംസ്ഥാനതലം (മെഗാഫൈനൽ) | ഒക്ടോബർ 15 | ആർക്കൈവ്സ് വകുപ്പ് | - |

ഡയറക്ടർ